പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2092

07.03.2017 ൽ മറുപടിക്ക്

## ആരോഗ്യ വകുപ്പിലെ ആശ്രിത നിയമനം

| ചോദ്യം<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം വൈകുന്നതിന്റെ കാരണം വിശദീകരിക്കാമോ; | (എ) | ജി.ഒ.(പി)നമ്പർ 249/13/ജി.എ.ഡി, തീയതി 02.09.2013 പ്രകാരം ആശ്രിത നിയമനത്തിനുള്ള ക്ലാർക്കുമാരുടെ നിയമനത്തിനായി 356 തസ്തികകൾ അധികമായി സൃഷ്ടിക്കുകയുണ്ടായി. അതിൽ 113 സൂപ്പർന്യൂമററി തസ്തികകൾ ആരോഗ്യ വകുപ്പിന് വേണ്ടിയുള്ളതായിരുന്നു. സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയ ക്ലാർക്കുമാരുടെ നിയമനം നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള അനുപാതത്തിൽ ക്രമപ്പെടുത്തിയാൽ മാത്രമേ പുതിയ നിയമനങ്ങൾ നൽകാൻ കഴിയുകയുള്ളൂ. |
| (ബി) | 2005 ഫെബ്രുവരി 11-ാം തീയതി മരിച്ച ഡോ.കെ.വി.അനന്തകൃഷ്ണൻ നായരുടെ മകൾ രാധിക നായർ, കൈപ്പറമ്പിൽ, ചെങ്ങന്നൂരിന്റെ ആശ്രിത നിയമനം വൈകുന്നതിന്റെ കാരണം വിശദീകരിക്കുമോ; | (ബി) | സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ട ക്ലാർക്കുമാരുടെ നിയമനം നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള അനുപാതത്തിൽ ക്രമപ്പെടുത്തിയാൽ മാത്രമേ പുതിയ നിയമനം നടത്താൻ കഴിയുകയുള്ളൂ. ആരോഗ്യ വകുപ്പിൽ നിന്ന് നിയമന ഉത്തരവ് ലഭിക്കുവാനുള്ള ഉദ്യോഗാർത്ഥികളുടെ നിലവിലുള്ള പട്ടികയിൽ രാധികാനായരുടെ ക്രമ നമ്പർ 5 ആണ്. |
| (സി) | പ്രസ്തുത വ്യക്തിക്ക് നിയമനം എന്ന് ലഭിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | സൂപ്പർന്യൂമററി നിയമനങ്ങൾ ക്രമപ്പെടുത്തിയതിനു ശേഷം മാത്രമേ നിലവിലുള്ള പട്ടികയിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകാൻ കഴിയും എന്ന് കണ്ടെത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ